# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.878 — 10.02.2016 - ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജലചൂഷണം

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.സി.മമ്മൂട്ടി
ശ്രീ.പി.കെ.ബഷീർ

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
ജലവിഭവ വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് ഭൂഗർഭ ജലചൂഷണം ക്രമാതീതമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ജലലഭ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് മാത്രമാണ് അതിചൂഷണ ബ്ലോക്ക് ആയി തരംതിരിച്ചിട്ടുള്ളത്. ഇവിലെ ഭൂജലം ഉപയോഗിക്കുന്നതിന് ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും കൃത്രിമ ഭൂജല സംപോഷണമാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. |
| ബി) തമിഴ് നാട്ടിൽനിന്നുള്ള യന്ത്ര സഹായത്താൽ കുഴൽ കിണർ നിർമ്മാണം വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ ഭൂഗർഭ ജലശോഷണം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | ബി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 നിലവിലുണ്ട്. ഈ ആക്ടിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ |

ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണ മേർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ബ്ലോക്കുകളിൽ കാർഷിക കാർഷികേതര ആവശ്യ ങ്ങൾക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിയന്ത്രണമില്ല.

കുഴൽക്കിണർ നിർമ്മിക്കുന്ന സ്വകാര്യ ഡ്രില്ലിംഗ് റിഗ്ഗുകൾ സംസ്ഥാനത്ത് ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

സി) കുഴൽക്കിണർ അനുബന്ധ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾക്ക് തുടക്കം കുറിയ്ക്കുമോ ?

സി) ബഹു.സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ അനുബന്ധ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ